LIBRARY ARCHIVES Kerala Legislative Assembly

കോൺട്രാക്ട് കാര്യേജുകൾക്ക് നികുതി ഒഴിവാക്കാൻ നടപടി

229 (2949) ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് ലോക്ഡൗൺമൂലം സംസ്ഥാനത്തുള്ള കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ ഓടാൻ കഴിയാതെ നശിച്ചുകൊണ്ടിരിക്കുന്നതുകാരണം ഉടമകൾ വൻസാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ ആയത് പരിഹരിക്കുന്നതിന് പ്രസ്തുത വാഹനങ്ങൾക്ക് ഈ കാലയളവിൽ നികുതി കുറയ്ക്കുന്നതിനോ ഒഴിവാക്കുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ ലോക്ഡൗൺ നിയന്ത്രണങ്ങൾ പരിഗണിച്ച് കോൺട്രാക്ട് കാര്യേജ് വിഭാഗത്തിലുള്ള വാഹനങ്ങളുടെ വാഹന നികുതി ഒഴിവാക്കുകയും വാഹന നികുതി ഒടുക്കുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

ജലഗതാഗതം വ്യാപകമാക്കുവാൻ പദ്ധതികൾ

230 (2950) ശ്രീമതി യു. പ്രതിഭ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജലഗതാഗത വകുപ്പ് കൈവരിച്ച നേട്ടങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജലഗതാഗത വകുപ്പ് കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു :

1. ഇൻഡ്യയിലെ പ്രഥമ സംരംഭമായ സോളാർ ബോട്ട് 'ആദിത്യ' നിർമ്മാണം പൂർത്തീകരിച്ച് 12-1-2017 മുതൽ തവണക്കടവ്-വൈക്കം റൂട്ടിൽ മെച്ചപ്പെട്ട രീതിയിൽ സർവ്വീസ് നടത്തിവരുന്നു. 2020-ൽ ആദിത്യയ്ക്ക് ലോകത്തെ മികച്ച ഫെറികൾക്കുള്ള ഗസ്റ്റേവ് ട്രോവ് പുരസ്കാരം ലഭിക്കുകയുണ്ടായി.

2. പ്രധാനപ്പെട്ട 5 സ്റ്റേഷനുകളിൽ റെസ്ക്യൂ സർവ്വീസായും ആംബുലൻസ് സർവ്വീസായും ഉപയോഗിക്കുവാനുതകുന്ന രീതിയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 5 റെസ്ക്യൂ ബോട്ടുകളുടെ നിർമ്മാണം

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.